## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 322.** **15.12.2014 ൽ മറുപടിയ്ക്ക്.**

### സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ

| ചോദ്യം<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, കെ.ശിവദാസൻ നായർ<br>,, വർക്കല കഹാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ ; | (എ) | 24-06-2014-ന് വനവും ഗതാഗതവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം താഴെ പറയുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.<br>1. വിദ്യാർത്ഥികൾ റോഡപകടത്തിൽ പെടുന്നത് ഒഴിവാക്കുന്നതിനും, റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കുന്നതിനുമായി ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സേഫ്റ്റി സമിതികളുടെ രൂപീകരണം. റോഡ് സുരക്ഷാ കൗൺസിൽ അംഗങ്ങൾ, ജില്ലാ ട്രാഫിക് ഉപദേശകകമ്മിറ്റി എന്നിവയോടൊപ്പം സ്ഥാപന മേധാവികൾ, ജില്ലാ പഞ്ചായത്ത്, റസിഡന്റ്സ് അസോസിയേഷൻ, നിർവാഹക വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരാണ് ജില്ലാതല അംഗങ്ങൾ. ആർ.ടി.ഒ. കൺവീനറും ജില്ലാ കളക്ടർ ചെയർമാനും ആയിരിയ്ക്കും. കോർപ്പറേഷനുകളിൽ മേയറുടെ കീഴിലും മുനിസിപ്പാലിറ്റികളിൽ ചെയർമാന്റെ കീഴിലും പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ കീഴിലും യോഗം ചേർന്ന് താഴെത്തട്ടിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 2. സ്കൂളുകളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് രാവിലെ 08-30 മുതൽ 09-30 വരെയും വൈകിട്ട് 03-30 മുതൽ 04-30 വരെയും വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിയ്ക്കും.<br>3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കാൻ ശ്രമിക്കണം. ഇതിനു വേണ്ടി സ്പോൺസർമാരെ കണ്ടെത്തുവാനും ഡിസൈൻ തയ്യാറാക്കുവാനും മോട്ടോർ വാഹന വകുപ്പിനെ ചുമതലപ്പെടുത്തി.<br>4. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും ഒരു വോളന്ററി നോഡൽ ഓഫീസറെയും അദ്ദേഹത്തിന്റെ കീഴിൽ ഒരു ടീമിനെയും നിയോഗിക്കണം.<br>5. ഓരോ ജില്ലയിലും ഒരു ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം<br>6. സ്കൂൾ വാഹന ഡ്രൈവർമാരുടെ താഴ്ന്ന പ്രായപരിധി 25 വയസ്സാക്കുന്നതിനും, കൂടാതെ 5 വർഷത്തെ ഡ്രൈവിംഗ് പരിചയം നിർബന്ധമാക്കിക്കൊണ്ടും നിലവിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തണം.<br>7. സ്കൂൾ വാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നൽകുന്നതിന് ഓരോ വാഹനത്തിന്റെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെയും പട്ടിക തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി റോഡു സുരക്ഷാവിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 1. ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സുരക്ഷാ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ അവശ്യ നടപടി സ്വീകരിയ്ക്കാൻ റോഡ് സുരക്ഷാ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.<br>2. സ്കൂളുകളുടെ പരിസരത്ത് വേഗ നിയന്ത്രണ ബോർഡുകൾ സ്ഥാപിയ്ക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ റോഡ് സുരക്ഷാ വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്<br>3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിയ്ക്കുന്നതിലേയ്ക്കായി അവശ്യ നടപടികൾ സ്വികരിച്ചുവരുന്നു.<br>4. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വോളന്റിറി നോഡൽ ഓഫീസറുടെ കീഴിൽ ഒരു ടീമിനെയും നിയോഗിച്ച് നിരീക്ഷിച്ചുവരുന്നു.<br>5. ഓരോ ജില്ലയിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖാന്തിരം ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാക്കൾക്കും, സ്കൂളധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവത്ക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ സഹായത്തോട് കൂടി അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലീഫ്ലറ്റുകൾ, പഠനസഹായികൾ മുതലായവ വിതരണം ചെയ്യുകയും ചെയ്യുവരുന്നു. |
| (ഡി) | വാഹനസുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർവാഹന വകുപ്പ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്തും, വാഹനങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധന സമയത്തും |

| | | | |
|---|---|---|---|
| | | | നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്. വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളിലെല്ലാം തന്നെ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടെന്നും അവ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നുണ്ട്. പുതിയ അദ്ധ്യയന വർഷവും, മഴക്കാലവും ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്കൂൾ ബസ്സുകളുടെ പ്രത്യേക പ്രീ - മൺസൂൺ പരിശോധന വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തേണ്ടതാണെന്നും, സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ട് പോകുകയാണെങ്കിൽ 'On School Duty' ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും അമിതമായി കുട്ടികളെ കുത്തി നിറയ്ക്കുന്നുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതുമാണ് എന്നും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.